Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2018/1131 (1) തീയതി : 15.09.2018

## സർക്കുലർ

വിഷയം :- **കൈറ്റ് - സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ഫെസ്റ്റ് - ക്രമീകരണങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച്**

സൂചന:- 2017-18 അധ്യയന വർഷത്തെ വിദ്യാഭ്യാസ വകുപ്പിന്റെ സ്കൂൾ പ്രവർത്തന കലണ്ടർ.

സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനാചരണത്തിന്റെ ഭാഗമായി ഈ അക്കാദമിക് വർഷത്തിൽ വിദ്യാലയങ്ങളിലും കൈറ്റ് ജില്ലാ കേന്ദ്രങ്ങളിലും നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2018 സെപ്റ്റംബർ 15 ശനിയാഴ്ചയാണ് ഈ വർഷത്തെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ദിനം. ഇതിനോടനുബന്ധിച്ച് 2018 ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരണവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. (ഡിജിറ്റൽ പോസ്റ്റർ രചന, അനിമേഷൻ നിർമ്മാണം, ഉപന്യാസ രചന, ലഘു അവതരണങ്ങൾ തുടങ്ങിയവ) ഇതിനുള്ള കറിപ്പ് ലഭ്യമാക്കുന്നതാണ്.

2. ഒക്ടോബർ 2 ന് ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഇൻസ്റ്റാൾ ഫെസ്റ്റ് വഴി പൊതുജനങ്ങൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

3. ഇൻസ്റ്റാൾ ഫെസ്റ്റിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ കൈറ്റിന്റെ വെബ്സൈറ്റിലുള്ള (www.kite.kerala.gov.in → services → instalfest) ഓൺലൈൻ സംവിധാനം വഴി സെപ്റ്റംബർ 26 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ എണ്ണത്തിന് ആനുപാതികമായി ജില്ലകളിൽ കേന്ദ്രങ്ങൾ ക്രമീകരിക്കേണ്ടതാണ്.

4. രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഇൻസ്റ്റാൾ ഫെസ്റ്റ് കേന്ദ്രം സംബന്ധിച്ച അറിയിപ്പുകൾ ജില്ലാ കോ-ഓർഡിനേറ്റർമാർ സെപ്റ്റംബർ 28-നകം നൽകേണ്ടതാണ്.

5. ഇൻസ്റ്റാൾ ഫെസ്റ്റ് കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടേയും കൈറ്റ് മാസ്റ്റർമാരുടേയും എസ്.ഐ.റ്റി.സി.മാരുടേയും സേവനം കൂടി ലഭ്യമാക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
സ്റ്റോക്ക് ഫയൽ